REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 27-08-2025** | **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **അതിർത്തി പ്രദേശങ്ങളിലെ ജനസംഖ്യാപരമായ മാറ്റങ്ങൾ രാജ്യത്തിന്റെയും അതിർത്തിയുടേയും സുരക്ഷയെ നേരിട്ട് ബാധിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.**
- **രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസ നേർന്നു.**
- **1960 ലെ കേരള ഭൂപതിവ് നിയമ ഭേദഗതിയിലെ ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2,250 രൂപ വീതം ഓണം എക്സ്ഗ്രേഷ്യേ നൽകുമെന്ന് മന്ത്രി K.N.ബാലഗോപാൽ.**
- **താമരശേരി ചുരത്തിൽ മണ്ണിടിഞ്ഞുണ്ടായ തടസം നീക്കാൻ ശ്രമം പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

**അതിർത്തി പ്രദേശങ്ങളിലെ ജനസംഖ്യാപരമായ മാറ്റങ്ങൾ രാജ്യത്തിന്റെയും അതിർത്തിയുടേയും സുരക്ഷയെ നേരിട്ട് ബാധിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ രണ്ട് ദിവസത്തെ വൈബ്രന്റ് വില്ലേജ് ശില്പശാലയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം.**

**അതിർത്തി ഗ്രാമങ്ങളിൽ നിന്നുണ്ടാകുന്ന കുടിയേറ്റം പൂർണമായും തടയുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് വൈബ്രന്റ് വില്ലേജ് പദ്ധതി**

**ആരംഭിച്ചതെന്ന് അമിത് ഷാ വിശദീകരിച്ചു. അതിർത്തി ദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും, സാംസ്കാരിക - വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പദ്ധതി, തൊഴിൽ വർദ്ധിപ്പിക്കാൻ വഴിയൊരുക്കുമെന്നും അമിത്ഷാ പറഞ്ഞു.**

✪✪✪

**രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസ നേർന്നു.**

**വിവേകത്തിന്റെയും വിജ്ഞാനത്തിന്റെയും പ്രതീകമായ ഗണപതിയുടെ ജന്മദിനം പരിസ്ഥിതി സൗഹൃദ ജീവിത ശൈലി സ്വീകരിച്ച് ശക്തവും സ്വയം പര്യാപ്തവുമായ രാഷ്ട്രം കെട്ടിപ്പടുക്കാൻ അവസരമൊരുക്കട്ടെയെന്ന് ആശംസാ സന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു.**

**ഗണേശ ചതുർത്ഥി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ഐശ്വര്യവും ആരോഗ്യവും ആശംസിച്ചു.**

✪✪✪

**നാലു ദിവസത്തെ ജപ്പാൻ-ചൈന സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ യാത്ര തിരിക്കും. ജപ്പാനിൽ ഇന്ത്യ - ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തും.**

**29,30 തിയ്യതികളിലെ ജപ്പാൻ സന്ദർശനത്തിന് ശേഷം ഓഗസ്റ്റ് 31-നും സെപ്തംബർ ഒന്നിനും നരേന്ദ്രമോദി ചൈന സന്ദർശിക്കും. ടിയാൻജിൻ ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടി ക്കെത്തുന്ന രാഷ്ട്ര നേതാക്കളുമായി നരേന്ദ്രമോദി കൂടിക്കാഴ്ചയും നടത്തും.**

✪✪✪

**മാറുന്ന ലോകത്തിന് അനുസൃതമായി സൈന്യത്തിന്റെ സാങ്കേതിക ശേഷിയും, സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. രുദ്ര ബ്രിഗേഡ്, ശക്തിബാൻ റെജിമെൻറ്, ദിവ്യാസ്ത്ര ബാറ്ററി, ഡ്രോൺ പ്ലാറ്റൂൺ, ഭൈരവ് ബറ്റാലിയൻ എന്നിവ ഇതിന്റെ ഭാഗമായാണെന്ന് അദ്ദേഹം മധ്യപ്രദേശിലെ മോവിൽ പറഞ്ഞു. രൺ സംവാദ് - 2025 ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂർ**

ദൗത്യവേളയിൽ ഇന്ത്യൻ നാവികസേനയുടെ തന്ത്രപ്രധാനമായ സ്ഥാനങ്ങൾ, ശത്രുരാജ്യത്തിന്റെ അറബിക്കടലിലെ നീക്കങ്ങൾ പരിമിതപ്പെടുത്താൻ സഹായിച്ചതായി രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

1960 ലെ കേരള ഭൂപതിവ് നിയമ ഭേദഗതിയിലെ ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അറിയിച്ചു. ഇതോടെ മലയോര മേഖലയിലെ ജനങ്ങളുടെ വലിയൊരു പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുമെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

കൊച്ചിയിൽ ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിൽ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2,250 രൂപ വീതം ഓണം എക്സ്ഗ്രേഷ്യേ നൽകുമെന്ന് മന്ത്രി K.N.ബാലഗോപാൽ പറഞ്ഞു. ഇത്തവണ എക്സ്ഗ്രേഷ്യേയിൽ 250 രൂപ വർധിപ്പിച്ചതായി മന്ത്രി അറിയിച്ചു. 425 ഫാക്ടറികളിലെ 13,835 തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കും. എല്ലാവർക്കും 250 രൂപയുടെ വീതം അരിയും വിതരണം ചെയ്യും. ഇതിനായി മൂന്ന് കോടി 46 ലക്ഷത്തിൽപ്പരം രൂപ അനുവദിച്ചു.

ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് അംഗങ്ങളുടെയും, പെൻഷൻകാർരുടെയും ഓണം ഉത്സവ ബത്തയും വർധിപ്പിച്ചു. ഏജന്റുമാർക്കും, വിൽപനക്കാർക്കും 7,500 രൂപ ഉത്സവബത്ത ലഭിക്കും. മുൻവർഷത്തേക്കാൾ 500 രൂപ കൂടുതലാണിത്. പെൻഷൻകാരുടെ ഉത്സവബത്തയും 2,750 രൂപയായി വർധിപ്പിച്ചു. 30 കോടി രൂപ ഇതിനായി അനുവദിച്ചു.

പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സപ്ലൈകോ ഓണക്കിറ്റ് വാങ്ങാൻ 1,000 രൂപയുടെ ഗിഫ്റ്റ് കൂപ്പണും വിതരണം

ചെയ്യും. 2,149 തൊഴിലാളികൾക്ക് കിറ്റ് ഉറപ്പാക്കാൻ 21 ലക്ഷത്തി 49,000 രൂപ അനുവദിച്ചു.

ഖാദി തൊഴിലാളികളുടെ ഓണക്കാല ഉത്സവ ബത്തയും 250 രൂപ വർധിപ്പിച്ചു. 2,000 രൂപയാണ് പുതിയ ബത്ത. ഇതിനായി രണ്ടര കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ഓണത്തിന് 50 കോടി രൂപയുടെ അധിക സഹായവും ഗവൺമെന്റ് നൽകും. മൂന്ന് ലക്ഷത്തി 80,000 ത്തോളം തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, കാട്ടുവള്ളി, തഴ, ബീഡി ആൻഡ് സിഗാർ മേഖലകളിലെ ഇൻകം സപ്പോർട്ട് സ്കീം ആനുകൂല്യമാണ് വിതരണം ചെയ്യുന്നത്.

✪✪✪

ജമ്മുകശ്മീരിലെ വൈഷ്ണോദേവി ക്ഷേത്രപാതയിൽ ഇന്നലെ അതിതീവ്ര മഴയിലും, മലയിടിച്ചിലിലും 30 പേർ മരിച്ചതായി റിയാസി സീനിയർ പൊലീസ് സൂപ്രണ്ട്, പരംവീർ സിംഗ് സ്ഥിരീകരിച്ചു. CRPF ആറാം ബറ്റാലിയൻ രക്ഷാ പ്രവർത്തനങ്ങൾ തുടരുകയാണ്. ഇന്നലെയാണ് കത്രയ്ക്ക് സമീപം വൈഷ്ണോദേവി തീർത്ഥാടകർക്കു മേൽ മലയിടിഞ്ഞു വീണത്. ആഭ്യന്തരമന്ത്രി അമിത്ഷാ ദുരന്തത്തിൽ അതിയായ ദുഃഖം അറിയിച്ചു. മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും, ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും സംസാരിച്ച അമിത്ഷാ, എല്ലാ കേന്ദ്ര സഹായവും വാഗ്ദാനം ചെയ്തു.

✪✪✪

കേരളം ഉൾപ്പടെ വിവിധ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിലെ 14 ജഡ്ജിമാരെ സ്ഥലം മാറ്റാൻ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തു. മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മദ്രാസ്, രാജസ്ഥാൻ, ഡൽഹി, അലഹബാദ്, ഗുജറാത്ത്, കൽക്കട്ട, ആന്ധ്രാപ്രദേശ്, കേരള ഹൈക്കോടതികളിലെ ജഡ്ജിമാരെയാണ് സ്ഥലം മാറ്റുന്നത്. കേരള ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് ചന്ദ്രശേഖരൻ സുധയെ ഡൽഹി ഹൈക്കോടതിയിലേക്ക് മാറ്റാനാണ് ശുപാർശ.

✪✪✪

സംസ്ഥാനത്തെ സ്കൗട്ട്സ് & ഗൈഡ്സ് പ്രസ്ഥാനം സേവന രംഗത്ത് മികച്ച മാതൃക സൃഷ്ടിച്ച് മുന്നേറുകയാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മികച്ച പൗരന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പ്രസ്ഥാനം ഔപചാരിക വിദ്യാഭ്യാസത്തിന് പുറമെ, അനൗപചാരിക വിദ്യാഭ്യാസത്തിന്റെയും ഉത്തമ ഉദാഹരണമാണെന്ന് മന്ത്രി അറിയിച്ചു. കൊല്ലത്ത് ഷോക്കേറ്റു മരിച്ച മിഥുന്റെ കുടുംബത്തിന്റെ വീട് അടക്കം 120 ലധികം വീടുകൾ സ്കൗട്ട്സ് & ഗൈഡ്സ് പ്രസ്ഥാനം പാവപ്പെട്ടവർക്ക് നിർമ്മിച്ചു നൽകിയതായും ശിവൻകുട്ടി വ്യക്തമാക്കി.

✪✪✪

സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് രണ്ടാഴ്ചത്തെ പരിശോധനയിൽ 21,078 ലിറ്റർ വ്യാജ വെളിച്ചെണ്ണ പിടിച്ചെടുത്തതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. മായം ചേർത്തവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കടകളുടെ ലൈസൻസ് റദ്ദാക്കുന്നതടക്കം നടപടി സ്വീകരിച്ചതായും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതിയിൽ AI ക്യാമറകൾ സ്ഥാപിക്കുന്നതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. പ്രതിപക്ഷ നേതാവ് V.D സതീശനും, മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയുമാണ് AI ക്യാമറകൾക്കെതിരെ ഹർജി നൽകിയത്. സേഫ് കേരള പദ്ധതിയെക്കുറിച്ച് കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം വേണമെന്ന ആവശ്യവും കോടതി നിരസിച്ചു.

✪✪✪

കോടതി തള്ളിയ പരാതിയാണ് ഇപ്പോൾ തനിയ്ക്കെതിരെ ഉന്നയിക്കുന്നതെന്ന് BJP സംസ്ഥാന വൈസ് പ്രസിഡന്റ് C.കൃഷ്ണകുമാർ പാലക്കാട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സ്വത്തുതർക്കത്തിന്റെ ഭാഗമായിരുന്നു പരാതിയെന്നും അദ്ദേഹം വിശദീകരിച്ചു. പാലക്കാട് സ്വദേശിനി, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്  അയച്ച പീഡന പരാതിയിലാണ് C. കൃഷ്ണ കുമാറിന്റെ പ്രതികരണം.

✪✪✪

പീഡനാരോപണ കേസിൽ റാപ്പർ വേടനെന്ന ഹിരൺദാസ് മുരളിയുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി അനുവദിച്ചു. വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചുവെന്ന യുവ ഡോക്ടറുടെ പരാതിയിലാണ് വേടന് മുൻകൂർ ജാമ്യം നൽകിയത്.

✪✪✪

കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ ഓണക്കാല വിപണി മുന്നിൽ കണ്ട് ആരംഭിച്ച 202 ഏക്കർ പൂക്കൃഷിയുടെ വിളവെടുപ്പ് തുടങ്ങി.

കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)..............

✪✪✪

താമരശേരി ചുരത്തിൽ മണ്ണിടിഞ്ഞുണ്ടായ തടസം നീക്കാൻ ശ്രമം പുരോഗമിക്കുന്നു. റോഡിലെ മണ്ണും പാറയും മരവും നീക്കം ചെയ്ത ശേഷമെ ഗതാഗതം പുനഃസ്ഥാപിക്കാൻ സാധിക്കൂ. മണ്ണിടിച്ചിലിനെ തുടർന്ന് ചുരത്തിൽ ഡ്രോൺ ഉപയോഗിച്ച് പരിശോധന നടത്തിയതിൽ കുഴപ്പങ്ങൾ ഇല്ലെന്ന് കണ്ടെത്തി. രാവിലെ മുതൽ അടിവാരത്തും ലക്കിടിയിലും വാഹനങ്ങളുടെ നീണ്ട നിരയാണ്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചയ്ക്ക് 2.30-ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ നേരിടും.

വൈകിട്ട് 6.45-ന് രണ്ടാം മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസും, തൃശൂർ ടൈറ്റൻസും ഏറ്റുമുട്ടും.

✪✪✪

മൂന്നാറിൽ മൂന്നിടത്ത് നീലക്കുറിഞ്ഞി പൂത്തു. ഓണാവധി ആഘോഷിക്കാനെത്തുന്നവർക്ക് പൂത്തുലഞ്ഞ നീലക്കുറിഞ്ഞി കൂടി കണ്ട് മടങ്ങാം.

ഇടുക്കി പ്രതിനിധി രതീഷ്കൃഷ്ണ....

....(വോയ്സ്)........

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ സാധ്യത മുൻനിർത്തി ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

സംസ്ഥാനത്ത് റേഷൻ കടകളിലെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന് ഇന്ന് തുടക്കമായി. സെപ്റ്റംബർ രണ്ടാം തീയതിയോടെ വിതരണം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും 3,4 തീയതികളിലും കിറ്റുകൾ ലഭ്യമാകും.

സൗജന്യ ഓണക്കിറ്റ് വിതരണം മന്ത്രി G.R അനിൽ ഇന്നലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

✪✪✪

കുടുംബശ്രീ സംസ്ഥാനതല ഓണം വിപണന മേള മന്ത്രി MB രാജേഷ് നാളെ തൃശൂരിൽ ഉദ്ഘാടനം ചെയ്യും. കുടുംബശ്രീ കർഷക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളും ഭക്ഷ്യ-ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ വിപണിയിലെത്തിക്കും. സെപ്റ്റംബർ നാല് വരെയാണ് മേളകൾ.

✪✪✪

---

*News Editor : വി കെ സുരേഷ്*
*Reader : അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*